## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 606

02.12.2014-ൽ മറുപടിക്ക്

### ഗൃഹശ്രീ ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്:<br>,, എം. എ. വാഹീദ്:<br>,, എം. പി. വിൻസെന്റ്:<br>,, ലൂഡി ലൂയിസ്: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ളവരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവനപദ്ധതിയിൽ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനായി ആരെയാണ് ഏൽപിക്കുന്നത്; | (എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയിൽ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനുള്ള ചുമതല അതാത് ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്. |
| (ബി) തിരിച്ചടവ് ഇല്ലാത്ത പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്; | (ബി) 22.11.2014 വരെ ഗൃഹശ്രീ ഭവന പദ്ധതിയിൽ ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ള സർക്കാർ ഇതര സംഘടനകളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (സി) ഇതിൽ സർക്കാർ സബ്സിഡി എത്രയാണ്; | (സി) ഗൃഹശ്രീ ഭവനപദ്ധതിയിലെ ഓരോ ഗുണഭോക്താവിനും 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡിയായി നൽകുന്നു. |
| (ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്? | (ഡി) ഗൃഹശ്രീ ഭവന പദ്ധതിയുടെ നിബന്ധനകൾ അനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ 15 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ